LIBRARY ARCHIVES Kerala Legislative Assembly

എം.എൽ.എ-മാരുടെ പ്രത്യേക വികസന ഫണ്ട്-ആസ്തി വികസന ഫണ്ട് പ്രൊപ്പോസലുകൾ

52(56) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ (2020-21) അവസാനപാദം വിവിധ തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ മാതൃകാ പെരുമാറ്റചട്ടംമൂലവും തുടർന്ന് സാമ്പത്തിക വർഷം അവസാനിച്ചതുമൂലവും എം.എൽ.എ-മാരുടെ പ്രത്യേക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി നൽകിയിരുന്ന പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകാൻ കഴിയാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം പ്രവൃത്തികൾക്ക് ഇനി ഭരണാനുമതി നൽകണമെങ്കിൽ സർക്കാരിന്റെ പ്രത്യേകാനുമതി കൂടിയേ കഴിയൂ എന്നതിനാൽ ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രത്യേക വികസന നിധിയിൻകീഴിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് 12-12-2018-ലെ സ.ഉ.(സാധാ) നമ്പർ 194/2018/ധന. പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിന് അനുവദിക്കുന്ന തുകയ്ക്കുള്ള പ്രവൃത്തികളുടെ ഭരണാനുമതി തൊട്ടടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ പുറപ്പെടുവിക്കാവുന്നതാണ്. എം.എൽ.എ-മാരുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 വർഷത്തെ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള സമയ പരിധി 14-7-2021-ലെ സ.ഉ.(സാധാ.)നമ്പർ 4957/2021/ധന. പ്രകാരം 31-12-2021 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവായിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

ടെണ്ടർ സേവിംഗ് തുക

53(57) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിന്റെ ടെണ്ടർ സേവിംഗ് തുക എത്രയെന്ന് വിശദമാക്കാമോ;

(ബി) അപ്രകാരമുള്ള ടെണ്ടർ സേവിംഗ് തുക ഓരോവർഷവും തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.